**പതിനാലാം കേരള നിയമസഭ**
**7-ാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3337 22.08.2017-ൽ മറുപടിനല്കേണ്ടിയിരുന്നത്**

# കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അവാർഡ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ടി. തോമസ് :<br>ശ്രീ വി.ടി.ബൽറാം : | **ശ്രീ. പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
| (എ) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഏർപ്പെടുത്തിയിട്ടുള്ള അവാർഡിന് അർഹരായവരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; ഇതിൽ അശാസ്ത്രീയമായ മാനദണ്ഡങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | (എ) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഏർപ്പെടുത്തിയിട്ടുള്ള അവാർഡിന് അർഹരായവരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ജല-വായു മലിനീകരണ നിയന്ത്രണത്തിൽ കഴിഞ്ഞവർഷം കൈവരിച്ച നേട്ടങ്ങൾ<br>2. ഊർജ്ജ സംരക്ഷണത്തിനും ജല സംരക്ഷണത്തിനും ശുദ്ധീകരിച്ച പാഴ്ജലത്തിന്റെ പുനരുപയോഗത്തിനും നടപ്പിലാക്കിയ പദ്ധതികൾ<br>3. ഖരമാലിന്യ സംസ്കരണത്തിലും പുനരുപയോഗത്തിലും കൈവരിച്ച നേട്ടങ്ങൾ<br>4. പരിസ്ഥിതി സംരക്ഷണത്തിൽ കൈവരിച്ച നേട്ടങ്ങൾ<br>5. പാരമ്പര്യേതര ഊർജ്ജ വിനിയോഗം<br>6. സാമൂഹിക പ്രതിബദ്ധതയിൽ പൊതുജനോപകാരപ്രദമായി നടപ്പിലാക്കിയ പദ്ധതികൾ<br>കൂടാതെ, ജഡ്ജിംഗ് കമ്മിറ്റിയുടെ ഇൻസ്പെക്ഷൻ |

| | |
|---|---|
| | തീരുമാനങ്ങൾ എന്നിവയാണ് മാനദണ്ഡങ്ങൾ. അശാസ്ത്രീയമായ മാനദണ്ഡങ്ങൾ അവാർഡ് നിർണ്ണയത്തിനായി ഉൾപ്പെടുത്തിയിട്ടില്ല. |
| (ബി) അവാർഡിനത്തിൽ ആകെ ഉണ്ടാകുന്ന ചിലവെത്ര; ഏതെല്ലാം വിഭാഗത്തിലാണ് അവാർഡുകൾ നൽകുന്നതെന്ന് വിശദമാക്കുമോ; | (ബി) എല്ലാ വിഭാഗത്തിലും ഒന്നും രണ്ടും മൂന്നും സ്ഥാനം ലഭിച്ചവർക്ക് യഥാക്രമം 1,00,000 രൂപയും 50,000 രൂപയും 25,000 രൂപയും ക്യാഷ് പ്രൈസായി നൽകുന്നതാണ്. വളരെ വലിയ വ്യവസായങ്ങൾ, വലിയ വ്യവസായങ്ങൾ എന്നിവ ഒഴികെയുള്ള വിഭാഗങ്ങളിൽ എക്സലൻസിന് 1,00,000/- രൂപ ക്യാഷ് അവാർഡ് നൽകുന്നതാണ്. എല്ലാ അവാർഡ് ജേതാക്കൾക്കും ട്രോഫിയും സർട്ടിഫിക്കറ്റും നൽകുന്നതാണ്. |

പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് നടന്ന പരിസ്ഥിതി സംരക്ഷണ അവാർഡ് ഇനത്തിൽ മാത്രമായി ഈ വർഷം ചെലവായ ആകെ തുക 5872125/- ആണ്.

I. **മലിനീകരണ നിയന്ത്രണ അവാർഡു നൽകുന്ന വിഭാഗങ്ങൾ**

- വളരെ വലിയ വ്യവസായം
- വലിയ വ്യവസായം
- ഇടത്തരം വ്യവസായം ഗ്രൂപ്പ് - എ
- ഇടത്തരം വ്യവസായം ഗ്രൂപ്പ് - ബി
- ചെറുകിട വ്യവസായം
- സ്റ്റോൺ ക്രഷർ
- ഡയറി
- എൻജിനീയറിങ് ആന്റ് ഇലക്ട്രോണിക് ഇൻഡസ്ട്രീസ്

- പ്രിന്റ് ആന്റ് വിഷ്വൽ മീഡിയ
- ഹോട്ടൽ
- റിസോർട്ട്
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ - മുനിസിപ്പാലിറ്റി
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ - പഞ്ചായത്ത്
- ആശുപത്രികൾ
  - സർക്കാർ ആശുപത്രി (പ്രൈമറി ഹെൽത്ത് സെന്റർ)
  - സർക്കാർ ആശുപത്രി (കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ)
  - സർക്കാർ ആശുപത്രി (താലൂക്ക്)
  - സർക്കാർ ആശുപത്രി (ജില്ല/ജനറൽ ആശുപത്രി)
  - സർക്കാർ ആശുപത്രി (ഡബ്ല്യൂ & സി)
  - ആശുപത്രി (മെഡിക്കൽ കോളേജ്/ സ്വയംഭരണ ആശുപത്രി)
- ആയുർവേദ ആശുപത്രി
- സ്വകാര്യ ആശുപത്രി

. സ്വകാര്യ ആശുപത്രി (>= 500 കിടക്കകൾ)

. സ്വകാര്യ ആശുപത്രി - 200 മുതൽ 499 കിടക്കകൾ വരെ

. സ്വകാര്യ ആശുപത്രി - 100 മുതൽ 200 കിടക്കകൾ വരെ

. സ്വകാര്യ ആശുപത്രി-100 കിടക്കകൾക്ക് താഴെ

- മറ്റു സ്ഥാപനങ്ങൾ

## II. ഹരിത വിദ്യാലയ പുരസ്കാരം

പരിസ്ഥിതി സംരക്ഷണത്തിനും അതുവഴി പൊതുജന സേവനത്തിനും മികവു കാട്ടിയ സംസ്ഥാനത്തെ സർക്കാർ ഹൈസ്കൂളുകൾക്ക് സംസ്ഥാന തലത്തിൽ നൽകുന്ന അവാർഡ്

- മറ്റു സ്ഥാപനങ്ങൾ

II. ഹരിത വിദ്യാലയ പുരസ്കാരം

പരിസ്ഥിതി സംരക്ഷണത്തിനും അതുവഴി പൊതുജന സേവനത്തിനും മികവു കാട്ടിയ സംസ്ഥാനത്തെ സർക്കാർ ഹൈസ്കൂളുകൾക്ക് സംസ്ഥാന തലത്തിൽ നൽകുന്ന അവാർഡ്

III. ഹരിത കേരള അവാർഡ്

മലിനീകരണ നിയന്ത്രണ ബോർഡ് ജീവനക്കാർ തങ്ങളുടെ വീട്ടുകളിൽ മാതൃകാ ഖര-ദ്രവ മാലിന്യ ശേഖരണ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കാനും പരിസ്ഥിതിയുമായി ഇണങ്ങി ജീവിക്കാൻ പ്രേരിപ്പിക്കുന്നതിനുമായി നൽകുന്ന അവാർഡ്.

(സി) 2017-ലെ അവാർഡ് ലഭിച്ച ഏതെങ്കിലും കമ്പനി മലിനീകരണം ഉണ്ടാക്കുന്നതായി സർക്കാരിനോ മലിനീകരണ നിയന്ത്രണ ബോർഡിനോ പരാതി ലഭിച്ചിട്ടുണ്ടോ; ഇതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

(സി) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 2017 ലെ അവാർഡ് കരസ്ഥമാക്കിയ സ്ഥാപനങ്ങളിൽ കാസർഗോഡ് ജില്ലയിലെ Taj Vivanta യുടെ Khanna Hotels Private Limited, വയനാട് ജില്ലയിലെ വിനായക ആശുപത്രി, പാലക്കാട് ജില്ലയിലെ അഗസ്ത്യൻ ടെക്സ്റ്റൈൽസ്, എറണാകുളം ജില്ലയിലെ Cochin International Airport Limited (CIAL), Plant Lipids Private Limited, Cochin Minerals and Rutile Limited (CMRL) എന്നീ സ്ഥാപനങ്ങൾക്കെതിരെയുള്ള പരാതികൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ ലഭിച്ചിരുന്നു. ടി പരാതികൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ